"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - അർബുദ രോഗ ബാധിതനായി മരണമടഞ്ഞ തൃശ്ശൂർ ജില്ലയിലെ കലാഭവൻ ജയേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(കൈ) നം.46/2024/RD തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:- 1. ശ്രീമതി. സുനജയുടെ 14.05.2020 ലെ അപേക്ഷ.

2. 16.09.2022, 07.07.2021, 29.09.2021, 31.03.2022, 19.01.2024 തീയതികളിലെ DCTSR/5596/2020-A13 നമ്പർ തൃശ്ശൂർ ജില്ലാ കളക്ടറുടെ കത്തുകൾ.

**ഉത്തരവ്**

പ്രശസ്ത മിമിക്രി കലാകാരൻ ശ്രീ.കലാഭവൻ ജയേഷ് അർബുദ രോഗബാധിതനായി മരണപ്പെട്ടുവെന്നും അദ്ദേഹത്തിന്റെ ചികിത്സക്കായി വലിയൊരു തുക ചെലവായെന്നും കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന പരേതൻ എന്നും , അറിയപ്പെടുന്ന കലാകാരന്റെ വിധവ എന്ന നിലയിൽ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി.സുനജ പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

2) ശ്രീ ജയേഷ് അർബുദ രോഗബാധിതനായി 10.05.2020-ന് മരണപെട്ടതായും ശ്രീ കലാഭവൻ ജയേഷിന്റെ വിധവ ശ്രീമതി സുനജയും അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന മകളും നിലവിൽ ജയേഷിന്റെ മാതാപിതാക്കളോടൊപ്പമാണ് താമസിച്ചു വരുന്നതെന്നും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു . ശ്രീ. ജയേഷിന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ താഴെയാണെന്നും ശ്രീമതി.സുനജ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമൊന്നും കൈപറ്റിയിട്ടില്ലെന്നും ശ്രീ ജയേഷിന്റെ മരണത്തിനു ഒരു വർഷം മുൻപ് ടിയാന്റെ 4 വയസ്സുള്ള മകൻ ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് മരണപെട്ടതാണെന്നും കുട്ടിയുടെ ചികിത്സക്കായി വൻതുക ചെലവായിട്ടുള്ളതായും ജയേഷിന്റെ മകളുടെ ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസ ചെലവിന് ഏകദേശം 6 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും , പരേതനായ ജയേഷിന്റെ ഭാര്യ സുനജ നിലവിൽ അക്ഷയകേന്ദ്രത്തിൽ ജോലി ചെയ്തു വരുന്നതായും പരാമർശം(2) കത്തുകൾ മുഖേന ജില്ലാ കളക്ടർ റിപ്പോർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ശ്രീമതി.സുനജയുടെ പരാമർശം(1) അപേക്ഷ സർക്കാർ പരിശോധിച്ചു. അർബുദ രോഗബാധിതനായി മരണപ്പെട്ട പ്രശസ്ത മിമിക്രി കലാകാരനായിരുന്ന പരേതനായ ശ്രീ.കലാഭവൻ ജയേഷിന്റെ മകളുടെ വിദ്യാഭ്യാസച്ചെലവിന് 5,00,000/- രൂപ സ്ഥിര നിക്ഷേപം നടത്തുന്നതിനും പ്രസ്തുത തുകയിന്മേലുള്ള പലിശ വർഷം തോറും അനുവദിച്ചു നൽകുന്നതിനും കുട്ടി പ്രായപൂർത്തി ആകുമ്പോൾ തുക പിൻവലിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽ നിന്നും 5,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) വിതരണത്തിനാവശ്യമായിവരുന്ന 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചക്കകം നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ ഫണ്ട്സ് വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ്.സി ) വകുപ്പ് (14/02/2024-ലെ മന്ത്രിസഭാ യോഗതീരുമാനം, ഇനം നം. 2060 പ്രകാരം)
റവന്യൂ ഡി.ആർ.എഫ്. എ & സി വകുപ്പുകൾ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

<u>പകർപ്പ് :</u>

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി. എ. ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 17-02-2024 10:13:31
സെക്ഷൻ ഓഫീസർ